**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം (Rubber Production Incentive Scheme) – ഏഴാം ഘട്ടം നടപ്പിലാക്കി കൊണ്ടും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച കൊണ്ടും ഉത്തരവാകുന്നു.

---

**ധനകാര്യ (പ്ലാനിംഗ്–എ) വകുപ്പ്**

**സ. ഉ. (പി) നം. 130/2021/ധന** **തീയതി, തിരുവനന്തപുരം, 28/09/2021**

---

പരാമർശം :– 1) 03–07–2015 തീയതിയിലെ സ.ഉ. (പി)നം.269/2015/ധന നമ്പർ സർക്കാർ ഉത്തരവ്.
2) 20–07–2021 തീയതിയിലെ റബ്ബർ ബോർഡിന്റെ 17/1/2021–22/RPD/RPIS(VII) നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് ന്യായവില ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി പരാമർശം–1 ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' (Rubber Production Incentive Scheme) നടപ്പിലാക്കി വരുന്നു. 01–07–2015 ന് ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ ആറാം ഘട്ടം 30–06–2021 ന് അവസാനിച്ചിരുന്നു. ഈ പദ്ധതിയുടെ ഏഴാം ഘട്ടം 01–07–2021 മുതൽ ആരംഭിയ്ക്കാവുന്നതാണെന്ന് പരാമർശം–2 ലെ കത്ത് പ്രകാരം റബ്ബർ ബോർഡ് അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പരാമർശം–1 പ്രകാരം നടപ്പിലാക്കിയ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ ഏഴാം ഘട്ടം 01–07–2021 മുതൽ 30–06–2022 വരെ നടപ്പിലാക്കിക്കൊണ്ട് ഉത്തരവാകുന്നു. കൂടാതെ പ്രസ്തുത സ്കീമിനു കീഴിലുള്ള സബ്സിഡി തുക യഥാർത്ഥ ഗുണഭോക്താക്കൾക്കാണ് ലഭിക്കുന്നതെന്നുറപ്പാക്കാൻ റബ്ബർ ബോർഡും ധനകാര്യ പരിശോധനാ വിഭാഗവും മൂന്നു മാസത്തിലൊരിക്കൽ പരിശോധന (Random inspection) നടത്തേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**പ്രീത ബി. എസ്.**
**ധനകാര്യ അഡീഷണൽ സെക്രട്ടറി**

പകർപ്പ്:
1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്–II), കേരള, തിരുവനന്തപുരം
3. ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം
4. എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർ ബോർഡ്, കോട്ടയം
5. ധനകാര്യ (പരിശോധന–എൻ.റ്റി.എ) വകുപ്പ്
6. നോഡൽ ഓഫീസർ, www.finance.kerala.gov.in
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Rani

സെക്ഷൻ ഓഫീസർ